കേരള സർക്കാർ

സംഗ്രഹം

നികുതി വകുപ്പ് - എക്സൈസ് - സംസ്ഥാനത്ത് കൊറോണ വൈറസ് (കോവിഡ്-19) വ്യാപനം തടയുന്നതിനുള്ള പ്രതിരോധ പ്രവർത്തനങ്ങൾ - അടഞ്ഞുകിടക്കുന്ന കാന്റീൻ സ്റ്റോർസ് ഡിപ്പാർട്ട്മെന്റ് സ്ഥാപനങ്ങൾ, എഫ്.എൽ.8, എഫ്.എൽ.8 എ എന്നിവിടങ്ങളിൽ മദ്യവില്പന പുനരാരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

നികുതി (ജി) വകുപ്പ്

ജി.ഒ (എം.എസ്) നം.45/2020/നി.വ തീയതി, തിരുവനന്തപുരം, 29/05/2020

---

പരാമർശം : 1. കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ 01/05/2020-ലെ 40-3/2020-ഡി.എം-1(എ) ഉത്തരവ്.
2. എക്സൈസ് കമ്മീഷണറുടെ 21/05/2020-ലെ EXC/2029/20/XC1 നമ്പർ കത്ത്.

<u>ഉത്തരവ്</u>

കൊറോണ വൈറസ് (കോവിഡ്-19) വ്യാപനം തടയുന്നതിനുള്ള പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി രാജ്യത്താകെ പ്രഖ്യാപിച്ചിരുന്ന ലോക്ക്ഡൗൺ നിയന്ത്രണങ്ങളിൽ ഇളവ് വരുത്തി കേന്ദ്ര ആഭ്യന്തര മന്ത്രാലയം സൂചന (1) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ മദ്യശാലകൾ തുറന്ന് പ്രവർത്തിപ്പിക്കുവാൻ അനുമതി നൽകിയിരുന്നു. ഈ സാഹചര്യത്തിൽ ലോക്ക്ഡൗണിനെ തുടർന്ന് വില്പന നിർത്തിവച്ചിട്ടുള്ള കാന്റീൻ സ്റ്റോർസ് ഡിപ്പാർട്ട്മെന്റിന്റെ യൂണിറ്റ് റൺ കാന്റീൻ മുഖേനയുള്ള മദ്യ വില്പന നിബന്ധനയോടെ പുനരാരംഭിക്കാവുന്നതാണെന്ന് എക്സൈസ് കമ്മീഷണർ പരാമർശം (2) പ്രകാരം ശുപാർശ ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ, കോവിഡ് വ്യാപനം തടയുന്നതിനുള്ള പ്രതിരോധ പ്രവർത്തനങ്ങളെ തുടർന്ന് അടഞ്ഞുകിടക്കുന്ന സി.എസ്.ഡി, സി.പി.സി. കാന്റീനുകളും, അതിനോടനുബന്ധിച്ചിട്ടുള്ള യൂണിറ്റ് റൺ കാന്റീനുകളും, കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള പൊതു മാനദണ്ഡങ്ങൾ പാലിച്ചും, നിയന്ത്രണങ്ങൾ ഉറപ്പുവരുത്തിയും, തുറന്ന് പ്രവർത്തിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
ശ്യാം.വി
അണ്ടർ സെക്രട്ടറി

എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം
സംസ്ഥാന പോലീസ് മേധാവി.
അക്കൗണ്ടന്റ് ജനറൽ (എ& ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ, എറണാകുളം.
എല്ലാ ജില്ലാ കളക്ടർമാർക്കും
മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ
എല്ലാ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർക്കും (എക്സൈസ് കമ്മീഷണർ മുഖേന)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ